**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 86** **16-09-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിലെ പോലീസ് സേന നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ പോലീസ് സേന നേരിടുന്ന വിവിധ പ്രശ്നങ്ങളും പോലീസ് സ്റ്റേഷനുകളിലെ അപര്യാപ്തതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ പോലീസ് സേന മികച്ച രീതിയിൽ സേവനം അനുഷ്ഠിച്ച് വരുന്നുണ്ട്.<br><br>മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷൻ പരിധികളിലെ ചില സ്ഥലങ്ങളിൽ പോലീസ് വയർലെസ് കമ്മ്യൂണിക്കേഷൻ കവറേജ് കുറവുള്ളത് പരിഹരിക്കുന്നതിനും (ഷാഡോ ഏരിയ – റേഞ്ച്) വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു. |
| (ബി) | പോലീസ് സ്റ്റേഷനിൽ ആവശ്യമായ വാഹനങ്ങൾ ഉണ്ടോയെന്നും നിലവിലെ വാഹനങ്ങൾ ഏത് അവസ്ഥയിൽ ആണെന്നും പോലീസ് സ്റ്റേഷനുകൾ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് പോളിസി പ്രകാരം 15 വർഷം പൂർത്തിയാക്കി സ്ക്രാപ്പ് ചെയ്ത വിവിധയിനം വകുപ്പ് വാഹനങ്ങളുടെയും അപര്യാപ്തത പോലീസ് വകുപ്പിൽ ആകെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. നിലവിൽ സ്ക്രാപ്പ് ചെയ്ത വാഹനങ്ങൾക്ക് പകരം Special Assistance to State for Capital Investment 2024-25 പ്രകാരം 241 എണ്ണം വിവിധയിനം വകുപ്പ് വാഹനങ്ങൾ വാങ്ങുകയും മുൻഗണനാക്രമം അനുസരിച്ച് വിവിധ ജില്ലകൾക്കായി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>G.O.(Rt) No. 2759/2025/HOME തീയതി 14-08-2025 പ്രകാരം 373 എണ്ണം വിവിധയിനം വകുപ്പ് വാഹനങ്ങൾ വാങ്ങുന്നതിനായി ഉത്തരവായിട്ടുണ്ട്. |
| (സി) | ജില്ലയിൽ എത്ര കൺട്രോൾ റൂമുകൾ ഉണ്ടെന്നും നിലവിൽ ഇരുചക്രവാഹനങ്ങൾ അടക്കം എത്ര വാഹനങ്ങൾ ഉണ്ടെന്നും ഇത് പര്യാപ്തമാണോയെന്നും കൺട്രോൾ റൂം തിരിച്ച് വിശദമാക്കാമോ; | (സി) | കേന്ദ്ര സർക്കാരിന്റെ സ്ക്രാപ്പ് പോളിസി പ്രകാരം 15 വർഷം പൂർത്തിയാക്കി സ്ക്രാപ്പ് ചെയ്ത വിവിധയിനം വകുപ്പ് വാഹനങ്ങളുടെയും അപര്യാപ്തത പോലീസ് വകുപ്പിൽ ആകെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. നിലവിൽ സ്ക്രാപ്പ് ചെയ്ത വാഹനങ്ങൾക്ക് പകരം Special Assistance to State for Capital Investment 2024-25 പ്രകാരം 241 എണ്ണം വിവിധയിനം വകുപ്പ് വാഹനങ്ങൾ വാങ്ങുകയും മുൻഗണനാക്രമം |

| | | | |
|---|---|---|---|
| | | | അനുസരിച്ച് വിവിധ ജില്ലകൾക്കായി അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.<br><br>G.O.(Rt) No. 2759/2025/HOME തീയതി 14-08-2025 പ്രകാരം 373 എണ്ണം വിവിധയിനം വകുപ്പ് വാഹനങ്ങൾ വാങ്ങുന്നതിനായി ഉത്തരവായിട്ടുണ്ട്. |
| (ഡി) | കാസർകോട് ജില്ലയിൽ പോലീസ് ഉപയോഗിക്കുന്ന വയർലെസ് സെറ്റിന് വ്യാപ്തി (റേയിഞ്ച്) ലഭിക്കാത്ത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാര നടപടികളെ കുറിച്ച് വ്യക്തമാക്കാമോ; നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് നിർമ്മിച്ച വയർലെസ് സെറ്റുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഞ്ചേശ്വരം, കുമ്പള എന്നീ പോലീസ് സ്റ്റേഷൻ പരിധിയിലെ ചില സ്ഥലങ്ങളിൽ പോലീസ് വയർലെസ് കമ്മ്യൂണിക്കേഷന് കവറേജ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കുമ്പള പോലീസ് സ്റ്റേഷൻ പരിസരത്ത് നിലവിലുള്ള 18 മീറ്റർ ടവർ ഉപയോഗപ്പെടുത്തി ലിങ്ക് റിപ്പീറ്റർ സ്ഥാപിച്ച് പോലീസ് വയർലെസ് കമ്മ്യൂണിക്കേഷൻ കവറേജ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ഇ) | കാസർകോട് ജില്ലയിൽ നിലവിൽ പോലീസ് സേനയുടെ അംഗബലം എത്രയാണെന്നും ഇതു പര്യാപ്തമാണോയെന്നും വ്യക്തമാക്കാമോ; കാസർകോട് ജില്ലയിൽ എസ്.എച്ച്.ഒ. മാരുടെ ഒഴിവുകളുണ്ടോയെന്നും ഓരോ ഒഴിവും എത്ര കാലമായി തുടരുന്നുവെന്നും പോലീസ് സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ? | (ഇ) | സാങ്കേതിക വിഭാഗത്തിലെ സേനാംഗങ്ങൾ ഉൾപ്പെടെ കാസർഗോഡ് ജില്ലയിൽ പോലീസ് സേനയിലെ ആകെ അനുവദനീയ അംഗബലം 1731 ആണ്.<br><br>കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, സൈബർ എന്നീ പോലീസ് സ്റ്റേഷനുകളിൽ യഥാക്രമം 14.06.2025, 22.01.2025 തീയതി മുതൽ എസ്.എച്ച്.ഒ. മാരുടെ ഒഴിവുണ്ട്. 30.05.2025-ലെ DGO No. 1190/2025 പ്രകാരം എസ്.എച്ച്.ഒ. മാരെ നിയമിച്ചിട്ടുണ്ടെങ്കിലും ബ്യൂറോ ഓഫ് ഇമിഗ്രേഷൻ വിഭാഗത്തിൽ ടിയാന്മാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരുന്നതിനായി 25/07/2025 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 2489/2025/Home പ്രകാരം അനുമതി ലഭിച്ചിട്ടുള്ളതിനാലാണ് പ്രസ്തുത ഒഴിവ് നിലനിൽക്കുന്നത്. |

സെക്ഷൻ ഓഫീസർ